
തുടിപ്പുകൾ
2019 - 20
ജി.എച്ച്.എസ്.എസ്.എടത്തല

# ഇതളുകളിലൂടെ.................


ജനാധിപത്യം കാക്കാൻ....................

ജ്ഞാനനാളം.......................................

പരസ്പരം...........................................

കുന്നിടിക്കുന്നവരോട്........................

അവൾ പറഞ്ഞു അതുവരെ............

മത്സ്യങ്ങൾ മരിക്കുന്ന പുഴകൾ.......

Betty Of The Party.........

A February Surprise......

മികവിന്റെ പാതകളിലൂടെ..............

# ആമുഖം....

ഒരു വിദ്യാലയത്തിൽ വിദ്യാർത്ഥികൾ വിവിധതലങ്ങളിൽ എത്തണമെങ്കിൽ വേറിട്ട ചില സർഗാത്മക പ്രവർത്തനങ്ങൾ അനിവാര്യമാണ്. അത്തരം ചിന്തയിൽ നിന്നും ഉരുത്തിരിഞ്ഞ ഒന്നാണ് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ വിടരുന്ന ഡിജിറ്റൽ മാഗസിൻ. ഇതിലൂടെ വിദ്യാർത്ഥികളുടെ സാഹിത്യവാസനയെ ഉണർത്തി അക്ഷരസംസ്കാരത്തിന്റെ പാതയിൽ എത്തിക്കുക എന്നതാണ് ഈ മാഗസിൻ നിർ-മ്മാണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാഹിത്യം നന്മയും സ്നേഹവുമാണെങ്കിൽ ഈ മാഗസിനിൽ നന്മയുടെ സ്നേഹത്തിന്റെ ഒരു ഗംഗാപ്രവാഹം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും എന്ന ഉറച്ച വിശ്വാസത്തോടെ.........

# ജനാധിപത്യം കാക്കാൻ

*ഭാവിയിലേക്ക് ചൂണ്ടിയ വിരലാണ് ഡോ. ഭീം റാവു അംബേദ്കറുടേത് ഭരണഘടനാ നിർമാണ സഭയുടെ അവസാന യോഗത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം മതേതര, ജനാധിപത്യ രാജ്യത്ത് എക്കാലവും പ്രസക്തമാണ്.*

# ഫെഡറലിസത്തിൻെറ അടിസ്ഥാന തത്ത്വങ്ങൾ

*കേന്ദ്രമുണ്ടാക്കുന്ന ചട്ടമനുസരിച്ചല്ല സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടന്ന ലെജിസ്ലേറ്റീവ്, എക്സിക്യൂട്ടീവ് അധികാരങ്ങൾ നടത്തേണ്ടത്. മറിച്ച് ഭരണഘടന ആധാരമാക്കിയാണ്. ഫെഡറലിസത്തിന്റെ അടിസ്ഥാന തത്ത്വം ഇതാണ്.*

# ഇന്ത്യക്ക് സ്വാതന്ത്ര്യം നഷ്ടമാകുമോ..?

*എന്റെ മനസ്സുനിറയെ നമ്മുടെ രാജ്യത്തിന്റെ ഭാവി നിറഞ്ഞു വരുന്നു. എന്റെ ചില ചിന്തകളെ ആവിഷ്കരിക്കാൻ ഞാനീ അവസരമുപയോഗിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് എന്തു സംഭവിക്കും..?ഇന്ത്യക്ക് അവളുടെ സ്വാതന്ത്ര്യം മുറുകെപ്പിടിക്കാനാവുമോ ? ഇതാണാദ്യം മനസ്സിൽ വന്നത്. ഇന്ത്യ ഒരു ജനാധിപ്ത്യ രാജ്യമായിരുന്നില്ല എന്നല്ല അതിനർഥം അവൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യം ഒരിക്കൽ നഷ്ടപ്പെട്ടതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതവൾക്ക് രണ്ടാമതും നഷ്ടമാകുമോ? ഇതാണാദ്യം മനസ്സിൽ വന്നത്. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമായിരുന്നില്ല എന്നല്ല അതിനർത്ഥം. അവൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യം ഒരിക്കൽ നഷ്ടപ്പെട്ടതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതവൾക്ക് രണ്ടാമതും നഷ്ടമാകുമോയെന്ന ആ ചിന്തയാണ് ഭാവിയെക്കുറിച്ച് എന്നെ കൂടുതൽ ഉത്കണ്ഠയിലാഴ്ത്തിയത്.*

# ഭക്തിരാഷ്ട്രീയം എകാധിപതിയോ സൃഷ്ടിക്കും

*ഇന്ത്യയിൽ ഭക്തിയും വീരപൂരുഷാരാധാനയും മറ്റു രാജ്യങ്ങളിലില്ലാത്ത തോതിൽ രാഷ്ട്രീയത്തിൽ കലർന്നിട്ടുണ്ട്. മതത്തിൽ ഭക്തി ആത്മാവിന്റെ മോക്ഷത്തിലേക്കുള്ള വഴിയാണ്. രാഷ്ട്രീയത്തിലോ, അധ:പതനത്തിലേക്കും അവസാനം ഏകാധിപത്യ-ത്തിലേക്കുമുള്ള വ്യക്തമായ വഴിയുമാണ്. രാഷ്ട്രീയ ജനാധിപത്യത്തിൽ ഒരിക്കലും സംതൃപ്തരാകാതിരിക്കുയാണ് നമ്മൾ ചെയ്യേണ്ടത്. രാഷ്ട്രീയജനാധിപത്യം സാമൂഹിക ജനാധിപത്യമാക്കി മാറ്റണം. എന്താണ് സാമൂഹിക ജനാധിപത്യത്തിന്റെ അർത്ഥം?*

*സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ജീവിതത്ത്വങ്ങളായുള്ള മാർഗ്ഗത്തെ അംഗീകരിക്കുകയാണത്. ത്രിത്വത്തിൽ ഇവ മൂന്നിനേയും വെവ്വേറെ കാണേണ്ടതില്ല. ത്രിത്വത്തെ വേർതിരിക്കുക എന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാന ലക്ഷ്യത്തെ പരാജയപ്പെടുത്തുകയാണ്.*

## ജനാധിപത്യം കാക്കാൻ

*ജനാധിപത്യത്തെ കലർപ്പില്ലാതെയും വസ്തുതാപരമായും നിലനിർത്താൻ എന്താണ് നാം ചെയ്യേണ്ടത്? സാമൂഹിക, സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഭരണഘടനാരീതികൾ മുറുകെപ്പിടിക്കുകയാണ് ആദ്യം വേണ്ടത്. അതായത് വിപ്ലവത്തിന്റെ രക്തരൂഷിതമായ രീതികൾ ഉപേക്ഷിക്കണം. ആജ്ഞാനനിഷേധത്തിന്റേയും നിസ്സഹകരണത്തിന്റേയും സത്യാഗ്രഹത്തിന്റേയും രീതി നമ്മൾ ഉപേക്ഷിക്കണം. സാമൂഹിക, സാമ്പത്തിക ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഭരണഘടനാരീതികളൊന്നും അവശേഷിക്കുന്നില്ലെങ്കിൽ അവിടെ ഭരണഘടനാവിരുദ്ധ രീതികൾക്ക് ന്യായീകരണമുണ്ട്. എന്നാൽ, ഭരണഘടനാപരമായ രീതികൾ തുറന്നുകിടക്കുന്നുണ്ടെങ്കിൽ അവിടെ വിരുദ്ധ രീതികൾക്ക് ന്യായീകരണമുണ്ടാകില്ല.*

## ഇനി നമുക്ക് ബ്രിട്ടീഷുകാരെ പഴിക്കാനാവില്ല

*തെറ്റായെന്തെങ്കിലും സംഭവിക്കുമ്പോൾ ബ്രിട്ടീഷുകാർക്കുമേൽ പഴിചാരുകയെന്ന ഒഴികഴിവ് ജനാധിപത്യം വന്നതോടെ നമുക്ക് നഷ്ടപ്പെട്ടു. തെറ്റിന് മറ്റാരെയും പഴിക്കാനാവില്ല. നമ്മെത്തന്നെയല്ലാതെ. പിശകുകൾക്കുള്ള അപകടസാധ്യയേറെയുണ്ട്. സമയം അതിവേഗം മാറുന്നു. നമ്മുടെ തന്നെ ആളുകൾ പുതിയ ആദർശങ്ങളുടെ ഭാഗമായിക്കൊണ്ടിരിക്കുന്നു. ഭരണഘടനയുടെ യഥാർത്ഥ അന്തഃസത്തയെ കാത്തുസൂക്ഷിക്കണമെങ്കിൽ അതിനുള്ള തടസ്സങ്ങളെ സമയം നഷ്ടമാക്കാതെ വഴിയിൽ നിന്നു നീക്കുകയാണ് വേണ്ടത്. അതാണ് രാജ്യത്തെ സേവിക്കാനുള്ള ഒരേയൊരു വഴി. ഇതിൽ കൂടുതലൊന്നും എനിക്കറിയില്ല.*

## ജ്ഞാനനാളം

സോക്രട്ടീസ് ജയിലിൽ മരണശിക്ഷ കാത്തുകിടക്കുകയായിരുന്നു. ഒരു രാത്രി പൂർണ്ണനിശബ്ദതയിൽ, തടവുകാരെല്ലാം ഉറക്കത്തിലേക്കു വഴുതിവീണുകൊണ്ടിരിക്കെ തൊട്ടടുത്ത സെല്ലിൽ നിന്ന് ഒരു തടവുകാരൻ, സെസികോറോസ് എന്ന പ്രസിദ്ധ യവനകവിയുടെ ചൊല്ലാൻ പ്രയാസമുള്ള മോഹനമായൊരു കവിത. ഈണത്തിൽ പാടിക്കൊണ്ടിരിക്കുന്നതു സോക്രട്ടീസ് കേട്ടു. അദ്ദേഹത്തിന്റെ മനസ്സ് ആ കവിതയുടെ വാക്കുകളിൽ, അവ പരസ്പരം ചേരുമ്പോഴുണ്ടായ സുന്ദരമായ ഈണത്തിൽ. അർത്ഥത്തിൽ, അതുണ്ടാക്കിയ രമണീയമായ അനുഭൂതിയിൽ ലയിച്ച് കുറേനേരം ഇരുന്നു പോയി.
പിറ്റേന്ന് ഭക്ഷണസമയത്തു സോക്രട്ടീസ് ആ കവിത ചൊല്ലിയ തടവുകാരനെ കണ്ടു. അദ്ദേഹം പറഞ്ഞു:"ഗംഭീരമായ കവിത. അതെന്റെ മനസ്സിനെ ശാന്തമാക്കി. അതിന് ഞാൻ നന്ദി പറയുന്നു. ആ കവിത പാടാൻ നിങ്ങളെന്നെ പഠിപ്പിക്കുമോ?"
സോക്രട്ടീസ് തൂക്കിലേറ്റപ്പെടാൻ ഇനി ഏതാനും നാളുകൾ മാത്രമാണുണ്ടായിരുന്നത്. അതുകൊണ്ട് ആ തടവുകാരൻ തെല്ലദ്ഭുദത്തോടെ ചോദിച്ചു: "ഇനി ഇതു പഠിച്ചതുകൊണ്ട് അങ്ങയ്ക്ക് എന്ത് പ്രയോജനം. "സോക്രട്ടീസ് ഒന്നു മന്ദഹസിച്ചു. തുടർന്ന് ഇത്രയും പറഞ്ഞു:' എനിക്ക് അറിയാത്തതൊന്നുകൂടി പഠിച്ച ഒരാളായി, അതുകൂടി അറിഞ്ഞ ഒരാളായി മരിച്ചുകൂടെ? ഇതു പറയുമ്പോൾ സോക്രട്ടീസിന്റെ കണ്ണുകളിൽ അദൗമമായ ഒരു ശോദയുടെ തിളക്കം ഉണ്ടായിരുന്നു.
ഇത് കേട്ടു നിന്ന സോക്രട്ടീസിന്റെ ഒരു ശിഷ്യൻ ചോദിച്ചു:'അങ്ങ് മരിക്കാൻ പോകുന്നതിന്റെ ഒരാഴ്ച മുൻപ് പുതിയതൊന്നുകൂടി പഠിക്കുന്നതെന്തിനാണ്? സോക്രട്ടീസിന്റെ ഉത്തരം പൊടുന്നനെ വന്നു:'നിങ്ങൾ മരിക്കുന്നതിന്റെ അമ്പതു വർഷം മുൻപ് പുതുതൊന്നു പഠിക്കാൻ നിങ്ങൾ ഉതാസാഹം കാണിക്കുന്നില്ലേ? അതേ കാരണം. അതേ ഉത്സാഹം തന്നെയാണ് എനിക്കിപ്പോഴുമുള്ളത്!"

സാരം:ദേഹത്തിന് ഭക്ഷണം പോലെ ദേഹിക്ക് ജ്ഞാനം പോഷണമാണ്, ഭക്ഷണമാണ്. സുന്ദരവും നവ്യവുമായ പുതിയൊരനുഭൂതികൊണ്ട് മരണത്തിന് തൊട്ടുമുൻപുള്ള നിമിഷങ്ങൾവരെ അക്ഷീണനായി, അജയ്യനായി, സ്മേരവദനനായി സോക്രട്ടീസിനെ നിലനിരത്തിയത് അദ്ദേഹത്തിന്റെ ആത്മാവിൽ നിറഞ്ഞുനിന്ന ജ്ഞാനനാളമായിരുന്നു.

# പരസ്പരം

ഒന്നും പറയാതെ മൗനമിരുന്നു നാം
ഒരു സഹനക്കടൽ നെഞ്ചിലേറ്റി
അടരുന്ന വാക്കിലനർത്ഥമുണ്ടായെങ്കി-
ലെന്നോർത്ത് നമ്മൾ നിശ്ശബ്ദരായി
നിലാവിറ്റു വീഴ്ത്തിയ സാന്ത്വനത്തേൻ
നുകർന്നെത്രയോ വട്ടം നമ്മൾ സഹിച്ചു.
കണ്ണിലെ കനവുകൾ മങ്ങിമയങ്ങിയോ
കരളിലെ നീഹാരം കനൽക്കാറ്റെടുത്തു
പരസ്പരം നമ്മളിരുന്നു ശിലകളായ്
മോക്ഷം തരുന്നൊരാ പ്രേമശിൽപ്പിക്കായ്
ഒന്നിനുമാവാതെ നമ്മൾ വിതുമ്പിയോ
ഒന്നനങ്ങാൻ പോലുമാവാതെ മാറിയോ.........

-ഷാനി-

# കുന്നിടിക്കുന്നവരോട്

അജിമോൻ കളമ്പൂർ



കുന്നുകളൊരുപാടു
കയറിയിറങ്ങീട്ടും
കുന്നിടിക്കുവാൻതെല്ലും
തോന്നാഞ്ഞതെന്തത്ഭുതം
കല്ലുകൾ, മനസിന്റെ
കരുത്താൽമുകളിലും
താഴേയ്ക്ക് പതിച്ചത്
മറ്റൊരു തത്ത്വത്താലും
ജീവിതമിതുപോലെ
കുന്നുകൾ താണ്ടിത്താണ്ടി
കല്ലുകളുരുട്ടിയും
താഴ്ത്തിയും നീങ്ങീടുമ്പോൾ
ഒരിക്കൽ പോലും കുന്നിൻ
മാറ് നോവിക്കാൻ തെല്ലും
കരുതാത്തതിൻഫലം
കുന്നുകൾക്കനുഗ്രഹം
കുളിരാൽ തലോടുമാ
കുണുങ്ങുമരുവിതൻ
നീരെടുത്തെന്നും പാനം
ചെയ്യുന്ന മഹാഭാഗാ
ഒരിക്കൽ പോലും നദീ-
ശുദ്ധിയെ തകർക്കുവാൻ
കഴിയാമനസ്സിന്റെ
പുണ്യത്തിൽ പുഴ പാഞ്ഞു
ഏകനായ് താഴ്വാരങ്ങൾ

നടന്നങ്ങളന്നവൻ
മണ്ണിനും പുലരിക്കും
പകരം കണ്ടീലൊന്നും
കുന്നുകളിടിഞ്ഞീല
കല്ലുകളുടഞ്ഞീല
എങ്കിലും കുന്നിൽ കേറി
കല്ലുകൾ താഴേക്കിട്ടു.....
കൈകൊട്ടിൽ പ്രപഞ്ചമേ
നീ മാത്രം കാതേൽപ്പിച്ചു
കാണുവാൻ കണ്ണേില്ലോത്തോർ
ഭ്രാന്തേന്നുമോതി കഷ്ടം....!
എന്നിട്ടും മലകളേ
നിങ്ങൾക്കു നോവേറ്റീലാ
ഒരു പൂവിനുപോലും
കണ്ണീരുപൊടിഞ്ഞീലാ...
കുന്നിനെ കുന്നാക്കിയോൻ
വയലിൽ നടന്നവൻ
കല്ലെടുത്തെറിഞ്ഞവൻ
തത്ത്വത്തിൻ പൊരുളുണ്ടോൻ
നടന്ന നടത്തത്തിൽ
മണ്ണു പൂമ്പൊടിയായി
കാളിയുമൊതുങ്ങിപോയ്
മാറ്റാത്ത ശീലങ്ങളാൽ
ഇനിയും വന്നാലയ്യോ
കുന്നുകൾ കയറുവാൻ
ഇവിടെ കുന്നില്ലെന്നു
പറയാൻ ധൈര്യം പോരാ
ഞാൻ പണ്ടുകയറിയോ-
രെന്റെ കുന്നെവിടെന്ന്
ചോദിച്ചാൽ പറയുവാ
നാരുണ്ട് മനുഷ്യനായ്....?
കുന്നിനെ ജെ.സി.ബി. വ-
ന്നിടിച്ചോ, ടിപ്പർ കേറി
പോയിട്ടുണ്ടാകുമെന്നോ
നമ്മുടെ മറുപടി....!
പിന്നെ നമ്മുടെ നേർക്ക്
വരുന്നാകല്ലിൽ തത്ത്വം
മറ്റൊന്നു കാണുംവരെ
നമ്മളെയുറക്കിടും.....

.കഥ :

# അവൾ പറഞ്ഞു അതുവരെ

സുജ പി. എസ്.

അവൾ എപ്പോഴും എന്റെ മുമ്പിൽ അങ്ങനെയാണ്. സ്വയം കഴിവില്ലാത്തവൾ എന്ന് എന്നെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു കൊണ്ടേയിരിക്കും. എന്നാൽ ആ കിന്നാരം എന്നെ അവളിലേയ്ക്കടിപ്പിച്ചു. എനിക്ക് അവൾ അത്രമേൽ പ്രിയപ്പെട്ടവളാണെന്ന് ഞാൻ പറഞ്ഞും എഴുതിയും അറിയിച്ചു. അവൾ നിശബ്ദം കേട്ട് എന്റെ കലങ്ങിയ മിഴിയിലേയ്ക്ക് നോക്കി പറഞ്ഞു. എന്നാണ് എന്നെ ഇത്ര മേൽ സ്നേഹിക്കാൻ തുടങ്ങിയത്. ആ ചോദ്യം ഞാൻ പ്രതീക്ഷിച്ചതു തന്നെയായിരുന്നു. ഈ ഓഫീസിന്റെ പടി ചവിട്ടി വന്ന അന്ന് ഞാൻ കണ്ട ഈ മുഖം എന്നെ വല്ലാതെ കോർത്തുവലിച്ചു. എനിക്കറിയില്ല അത് വിവരിക്കാൻ. എങ്കിലും ഒന്നുമാത്രം പറയാം. ഞാൻ അറിയാതെ എന്റെ മനസ്സിൽ ഈ മുഖം നിറഞ്ഞു. ഇപ്പോൾ എന്റെ ഓരോ പ്രഭാതവും എന്നെ ഇവിടേയ്ക്കെത്തിക്കുന്നത് ഈ വദനചന്ദ്രികയ്ക്കു വേണ്ടിയാണ്. ഇത്രയും പറഞ്ഞപ്പോൾ എന്റെ ശബ്ധം ഇടറിയത് അവൾ തിരിച്ചറിഞ്ഞു. സോറി, വിഷമിപ്പിക്കാൻ പറഞ്ഞതല്ല, ഇപ്പോൾ നമുക്ക് എന്തു ചെയ്യാനാകും. അറിയില്ല. ഇനിയും ജന്മമുണ്ടാകുമല്ലോ അന്ന് ഞാൻ ഒരിണക്കിളിയായി വന്നു ചേരും. അതു വരെ...... ഇടയ്ക്ക് കയറി ഞാൻ ചോദിച്ചു. അതു വരെ അറിയില്ല, അവൾ അധോമുഖിയായി വിഷാദം കടിച്ചിറക്കി നെടുവീർപ്പിട്ടു. എന്റെ കാതിൽ ആ ചോദ്യം മുഴങ്ങിക്കൊണ്ടേയിരുന്നു. അതുവരെ...... ഉത്തരമില്ലാത്ത ഒരു സമസ്യയായി ഇന്നും എന്നെ നോവിക്കുന്നു. അതുവരെ............

# മത്സ്യങ്ങൾ മരിക്കുന്ന പുഴകൾ



***പെ**രിയാറിലെ ഉൾനാടൻ മത്സ്യസമ്പത്തിന് വൻ ഇടിവാണ് ഏതാനും വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പരമ്പരാഗത മീൻപിടിത്തക്കാരനും ചേലമല വനം സംരക്ഷണ സമിതി പ്രസിഡൻറും പരിസ്ഥിതി പ്രവർത്തകനുമായ ജോളി ഐസക്ക് പറഞ്ഞു. നിരവധിയിനം മത്സ്യങ്ങളെ പുഴയിൽ കാണാൻ തന്നെയില്ല. വലയിട്ടും ചൂണ്ടയിട്ടും മീൻപിടിത്തത്തിലൂടെ ഉപജീവനം നടത്തുന്ന നിരവധി പേർക്ക് ഇത് തിരിച്ചടിയായിരിക്കുകയാണ്. മണിക്കൂറുകൾ ബുദ്ധിമുട്ടിയാൽ കാൽ ക്കാശുപോലും ചിലദിവസം ഒക്കില്ലെന്ന് ജോളി പറഞ്ഞു.*

*പത്തിലധികം തരത്തിലുള്ള പരലുകളെ കാണാൻ തന്നെയില്ലെന്ന് ജോളി ചൂണ്ടിക്കാട്ടി. പെറിയാർത്തീരത്തെ ഫാക്ടറികളിൽ നിന്നുള്ള രാസപദാർത്ഥങ്ങൾക്കൊപ്പം വൻതോതിൽ കക്കൂസ് മാലിന്യം, കോഴിവേസ്റ്റ്, കാറ്ററിങ്- അറവ് മാലിന്യങ്ങൾ എന്നിവ പുഴയിലും കാട്ടിലുമായി രാത്രികാലങ്ങളിൽ തള്ളുന്നതാണ് പുഴ മലിനപ്പെടുന്നതിൻെറ മുഖ്യകാരണം പ്രളയശേഷമാണ് 40 ശതമാനത്തോളം മത്സ്യസമ്പത്ത് കുറവുണ്ടായിരിക്കുന്നത്. പ്രളയത്തിൽ വൻതോതിൽ അടിഞ്ഞ ചെളിയും ചേറും മത്സ്യങ്ങൾ ചത്തൊടുങ്ങുന്നതിന് ഇടയാക്കി. കാണപ്പെടുന്ന പല മത്സ്യങ്ങൾക്കും രോഗബാധയുണ്ട്. വരാൽ, മുഷി എന്നിവയ്ക്കാണ് രോഗം കൂടുതലായി കണ്ടുവരുന്നതെന്നും ജോളി പറയുന്നു.*

# *Betty at the Party*

***'When I was at the party,'***
***Said Betty, aged just four.***
***'A little girl fell off her chair***
***Right down upon the floor;***
***And all the other little girls***
***Began to laugh,but me -***
***I didn't laugh a single bit',***
***Said Betty seriously.***

***'Why not?'-her mother asked her,***
***Full of delight to find***
***That Betty -bless her little heart!-***
***Had been so sweetly kind.***
***'Why didn't you laugh, my darling?***

***Or don't you like to tell?'***

***'I didn't laugh,' said Betty,***

***'Because it was I that fell.'***

# A February Surprise

**The trees are still asleep today**
**And do not seem to know**
**A storm came by last night and heaped**
**Their branches full of snow.**

**See how they start up with surprise**
**As one by one they wake.**
**“Why , gracious me!” they seem to say,**
**And give themselves a shake.**

*- Ralph Marcellino*

# മികവിന്റെ പാതകളിലൂടെ........

## പ്രവേശനോത്സവം 2019-20








## ഓണാഘോഷം 2019-20










ഡിജ തുടിപ്പുകൾ

## കലോത്സവം2019-20












# പാഠം ഒന്ന് പാഠത്തേക്ക്







തുടിപ്പുകൾ



Li







ഡിജിറ്റ തുടിപ്പുകൾ

# Study Trip To Ooty
# 2019-20







# C P R Training







# സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് 2019-20







# അക്കാദമിക മികവ്










ഡിജി ഉടിപ്പകൾ

# പ്രതിഭയെ ആദരിക്കൽ












CREATION'S OF OUR PROUD

# Sangeeth Sabu

# IX A






ജലാശയങ്ങൾ നിങ്ങളുടേതുമാണ്.
നാളെ, നിങ്ങളുടെ മക്കളും
ശുദ്ധ ജലം കുടിക്കട്ടെ
ശുദ്ധവായു ശ്വസിക്കട്ടെ.




be smile...
നന്ദി